
# ചോരവാർന്ന് മരിക്കുന്ന മാധ്യമങ്ങൾ

പരഞ്ജോയ് ഗുഹ താകുർത്ത | മിദ്‌ലാജ് തച്ചംപൊയിൽ
muhammed.midhilaj@iitgn.ac.in

അടിയന്തരാവസ്ഥക്കാലത്തെ നേരിട്ടുള്ള സെൻസർഷിപ്പിൽ നിന്ന് കോർപ്പറേറ്റ് നിയന്ത്രണങ്ങളിലേക്കും 'ഗോദി മീഡിയ' സംസ്കാരത്തിലേക്കും ഇന്ത്യൻ മാധ്യമലോകം എങ്ങനെ തരം താഴ്ന്നു എന്ന് തുറന്നുകാട്ടുകയാണ് മുതിർന്ന മാധ്യമപ്രവർത്തകൻ പരഞ്ജോയ് ഗുഹ താകുർത്ത. മാധ്യമസ്വാതന്ത്ര്യത്തെ അട്ടിമറിക്കുന്ന വർത്തമാനകാല യാഥാർഥ്യങ്ങളിലേക്ക് ചൂണ്ടുന്ന സംസാരം


4*

THE INDIAN EXPRESS

Madras: Friday, June 27, 1975

Economic Notes

Bl

By BALRAJ MEHTA

Qaddafy behi[nd]
clashes, says

BEIRUT, June 26 (AP)

Letters

A common failing

## അടിയന്തരാവസ്ഥയിലെ 'ഝട്ക'യും ഇന്നത്തെ 'ഹലാൽ' സെൻസർഷിപ്പും

മാധ്യമസ്വാതന്ത്ര്യത്തിന് നേരെയുള്ള ഭരണകൂട ഭീഷണികൾക്ക് ഇന്ത്യയിൽ അടിയന്തരാവസ്ഥക്കാലത്തോളം പഴക്കമുണ്ട്. 1975 ജൂൺ മുതൽ 1977 മാർച്ച് വരെ നീണ്ടുനിന്ന അടിയന്തരാവസ്ഥയിൽ സർക്കാരിനെ വിമർശിച്ച മാധ്യമപ്രവർത്തകരെയും രാഷ്ട്രീയ എതിരാളികളെയും ഇന്ദിരാഗാന്ധി ഭരണകൂടം ജയിലിലടച്ചിരുന്നത് 'മിസ' (MISA) എന്ന കരിനിയമം വ്യാപകമായി ദുരുപയോഗം ചെയ്താണ്. സംപ്രേക്ഷണരംഗത്ത് ആകാശവാണിക്കും ദൂരദർശനും മാത്രമായിരുന്നു അന്ന് കുത്തകയുണ്ടായിരുന്നത്. എന്നിരുന്നാലും സ്വകാര്യ മേഖലയിലുണ്ടായിരുന്ന ഇന്ത്യൻ എക്സ്പ്രസ്സ്, സ്റ്റേറ്റ്സ്മാൻ തുടങ്ങിയ ചുരുക്കം ചില പത്രങ്ങളെങ്കിലും മുഖപ്രസംഗ പേജുകൾ ഒഴിച്ചിട്ടുകൊണ്ട് അന്ന് ഭരണകൂടം ഏർപ്പെടുത്തിയ സെൻസർഷിപ്പിനോട് പ്രതിഷേധിച്ചിരുന്നു. 1977 ജനുവരിയോടെ ഇതിന് കുറച്ചൊരു അയവ് വരികയും ചെയ്തു.

എന്നാൽ കഴിഞ്ഞ പന്ത്രണ്ട് വർഷമായി ഇന്ത്യയിലുള്ള ഭരണകൂടം മാധ്യമങ്ങളെ നേരിടുന്നത് തികച്ചും വ്യത്യസ്തമായ മറ്റൊരു രീതിയിലാണ്. അടിയന്തരാവസ്ഥയെന്നത് മാധ്യമസ്വാതന്ത്ര്യത്തെ ഒറ്റവെട്ടിന് ഇല്ലാതാക്കുന്ന 'ഝട്ക' രീതിയായിരുന്നെങ്കിൽ ഇന്നത്

രാജ്യത്ത് സമ്പത്തിന്റെ കേന്ദ്രീകരണം അതിന്റെ ഏറ്റവും ഭീകരമായ അവസ്ഥയിലാണ്. വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞൻ തോമസ് പിക്കറ്റി യുടെ പഠനങ്ങൾ പ്രകാരം ബ്രിട്ടീഷ് ഭരണകാല ത്തേക്കാൾ വലിയ സാമ്പത്തിക അസമത്വമാണ് ഇന്ന് ഇന്ത്യയിലുള്ളത്. രാജ്യത്തെ ജനസംഖ്യയു ടെ കേവലം 10 ശതമാനം ആളുകൾ മൊത്തം സമ്പത്തിന്റെയും വരുമാനത്തിന്റെയും 40 ശത മാനവും കൈയയാളുന്നു.

മാധ്യമങ്ങളെ സാവധാനം ചോരവാർന്ന് മരി ക്കാൻ വിടുന്ന രീതിയാണ്. പരസ്യങ്ങളുടെയും സ്പോൺസർഷിപ്പുകളുടെയും പ്രലോഭനങ്ങ ളിലൂടെ സാവധാനം മാധ്യമങ്ങളെ ഭരണകൂട ത്തിന്റെ കാൽക്കീഴിലാക്കുകയാണ് സർക്കാർ ചെയ്യുന്നത്. പ്രത്യേകിച്ചും കോവിഡിന് ശേഷം മുഖ്യധാരാ മാധ്യമങ്ങളുടെ നിലനിൽപ്പ് തന്നെ സർക്കാരിന്റെ സാമ്പത്തിക സഹായത്തെ ആശ്രയിച്ചായി മാറി. അതോടെ 'പണം മുടക്കുന്നവന്റെ പാട്ടിനൊത്ത് തുള്ളുക' എന്ന അവസ്ഥയിലേക്ക് വലിയ മാധ്യമ സ്ഥാപന ങ്ങൾ മാറിയെന്ന് പറയാം.

## ചോദ്യങ്ങളില്ലാത്ത അധികാര വും ഗോദി മീഡിയയും

ഇന്ന് റേഡിയോ, ടെലിവിഷൻ, അച്ചടി മാധ്യമങ്ങൾ, ഇന്റർനെറ്റ് തുടങ്ങി സർവ മേഖലകളും നിയന്ത്രിക്കുന്നത് മുകേഷ് അംബാനിയും ഗൗതം അദാനിയുമടങ്ങുന്ന കോർപ്പറേറ്റ് ഭീമന്മാരാണ്. തികച്ചും സ്വതന്ത്ര മായി നിന്നിരുന്ന എൻ.ഡി.ടി.വി (NDTV) പോലെയുള്ള മാധ്യമങ്ങളെപ്പോലും അദാനി ഗ്രൂപ്പ് ഏറ്റെടുത്തത് ഇതിന്റെ ഉദാഹരണമാണ്. അധികാരത്തിലിരിക്കുന്നവരോട് ചോദ്യങ്ങൾ ചോദിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് മാധ്യമങ്ങൾ തരംതാഴ്ന്നിരിക്കുന്നു. മുൻകൂട്ടി തയ്യാറാക്കാത്തതോ തുറന്നതോ ആയ ഒരു പത്രസമ്മേളനത്തെപോലും അഭിമുഖീകരി ക്കാത്ത ഇന്ത്യയുടെ ഏക പ്രധാനമന്ത്രിയാണ് നരേന്ദ്ര മോദി. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട അനുഭാവികളായ മാധ്യമപ്രവർത്തകർക്കും 'മാമ്പഴം മുറിച്ചാണോ വലിച്ചുകുടിച്ചാണോ കഴിക്കുന്നത്' പോലുള്ള ചോദ്യങ്ങൾ ചോ ദിക്കുന്ന നടന്മാർക്കും മാത്രമാണ് അദ്ദേഹം അഭിമുഖങ്ങൾ നൽകുന്നത്.


രജത് ശർമ, അഞ്ജന ഓം കശ്യപ്, സുധീർ ചൗധരി, നവിക കുമാർ, രാഹുൽ ശിവശങ്കർ, അർണബ് ഗോസ്വാമി തുടങ്ങിയ അവതാരകർ സർക്കാരിനെ ചോദ്യം ചെയ്യുന്നതിന് പകരം ഇന്ന് പ്രതിപക്ഷത്തെയാണ് വിമർശിക്കുന്നത്. താനൊരു സാധാരണ ജൈവിക മനുഷ്യനല്ലെ ന്നും ദൈവതുല്യനാണെന്നും തിരഞ്ഞെടുപ്പ് സമയത്ത് മോദി പറഞ്ഞപ്പോൾപ്പോലും ഒരു മറുചോദ്യം ചോദിക്കാൻ റുബിക ലിയാഖ ത്തിനെപ്പോലുള്ള മാധ്യമപ്രവർത്തകക്ക് കഴിഞ്ഞില്ല. മുതിർന്ന മാധ്യമപ്രവർത്തകൻ രവീഷ് കുമാർ വിശേഷിപ്പിച്ചതുപോലെ ഇവരെല്ലാം അധികാരത്തിന്റെ മടിത്തട്ടിൽ കിടക്കുന്ന 'ഗോദി മീഡിയകൾ' മാത്രമാണ്. അവർ സമൂഹത്തിന്റെ കാവൽനായ്ക്കളല്ല മറിച്ച് സർക്കാരിനും കോർപ്പറേറ്റുകൾക്കും മാഫിയാ തലവന്മാർക്കും വേണ്ടി വാലാട്ടുന്ന വെറും ലാപ്ഡോഗുകളായി മാറിയിരിക്കുന്നു. സർക്കാരിനെ വിമർശിക്കുന്നവരെ രാജ്യദ്രോ ഹികളായി ചിത്രീകരിക്കുന്ന അങ്ങേയറ്റം പ്രതികാരബുദ്ധിയുള്ള ഒരു ഭരണകൂടമാണ് ഇന്നുള്ളത്. 2002-ലെ ഗുജറാത്ത് കലാപത്തിന് ശേഷം ബി.ബി.സിക്ക് നൽകിയ അഭിമുഖ ത്തിൽ മാധ്യമങ്ങളെ കൃത്യമായി നിയന്ത്രി ക്കാൻ കഴിഞ്ഞില്ല എന്നതാണ് തന്റെ ഏറ്റവും വലിയ ഖേദമെന്ന് മോദി പറഞ്ഞത് ഇവിടെ കൂട്ടിവായിക്കേണ്ടതുണ്ട്.

## സ്മാർട്ട്ഫോൺ വിപ്ലവവും വ്യാജവാർത്തകളുടെ കുത്തക വൽക്കരണവും

ഇന്ത്യയിൽ ഇന്ന് ഏകദേശം 120 കോടി മൊബൈൽ വരിക്കാരുണ്ട്. ബേങ്കിങ് ആവശ്യങ്ങൾക്കും ആധാർ കാർഡിനും മറ്റുമായി ഏറ്റവും ദരിദ്രരായ മനുഷ്യർ പോലും ഇന്റർനെറ്റിനെ ആശ്രയിക്കുന്ന വലിയൊരു ഡിജിറ്റൽ സമൂഹമാണ് നമ്മുടേത്. സ്മാർ ട്ട്ഫോണുകളുടെ കടന്നുവരവോടെ ആർക്കും ഒരു മാധ്യമപ്രവർത്തകനാകാം എന്ന തരത്തിലൊരു ജനാധിപത്യവൽക്കരണം സം ഭവിച്ചിട്ടുണ്ടെങ്കിലും ഇത് വിശ്വാസ്യതയുടെ വലിയൊരു പ്രതിസന്ധിയും സൃഷ്ടിച്ചിട്ടുണ്ട്. വ്യാജവാർത്തകളും വിദ്വേഷ പ്രചാരണങ്ങളും പടച്ചുവിടുന്നതിൽ ഭരണകക്ഷിയുടെ ഐ.ടി സെല്ലുകൾ തന്നെയാണ് ഇന്ന് മുൻപന്തിയി ലുള്ളത്.

ഗൂഗിൾ, യൂട്യൂബ് എന്നിവ ഉൾപ്പെടുന്ന

**മാധ്യമപ്രവർത്തകരെ നിശബ്ദരാക്കാൻ നിയമവ്യവസ്ഥയെ ഭരണകൂടവും കോർപ്പറേറ്റുകളും വ്യാപകമായി ദുരുപയോഗം ചെയ്യുകയാണ്. ഒരു വാർത്തയോ ലേഖനമോ പുറത്തുവരും മുൻപേ കോടതികളിൽ നിന്ന് സ്റ്റേ വാങ്ങുന്ന പ്രവണത നമുക്ക് കാണാം. വെൻഡി ഡോണിഗറുടെ ഹിന്ദുക്കളെക്കുറിച്ചുള്ള പുസ്തകവും പ്രിയങ്ക പാഠക് നരെയ്ൻ എഴുതിയ ബാബാ രാംദേവിനെക്കുറിച്ചുള്ള പുസ്തകവും ഭരണകൂട നടപടി ഭയന്ന് ഇത്തരത്തിൽ പിൻവലിക്കപ്പെട്ടവയാണ്.**



പരഞ്ജോയ്
ഗുഹ താകുർത്ത

ആൽഫബെറ്റും അതുപോലെ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സ്ആപ്പ് എന്നിവ ഉൾപ്പെടുന്ന മെറ്റയുമാണ് ഡിജിറ്റൽ ഇടം നിയന്ത്രിക്കുന്ന ബഹുരാഷ്ട്ര കുത്തകകൾ. ലാഭം മാത്രം ലക്ഷ്യമിടുന്ന ഈ വാണിജ്യ സ്ഥാപനങ്ങൾക്ക് ഇന്ത്യയിലെ വലിയ വിപണി നഷ്ടപ്പെടുത്താനോ സർക്കാരിനെ പിണക്കാനോ താല്പര്യമില്ല. അതിനാൽ ഭരണാനുകൂലികൾ പരത്തുന്ന വിദ്വേഷ പ്രസംഗങ്ങൾ തടയാൻ അവർ കാലതാമസം വരുത്തുകയും സർക്കാരിന്റെ ആവശ്യങ്ങൾക്ക് ഉടനടി വഴങ്ങുകയും ചെയ്യുന്നു. വ്യാജവാർത്തകൾ മോശമാണെന്ന് പുറമെ പറയുകയും അതിൽ രഹസ്യമായി പങ്കാളികളാവുകയുമാണ് ഭരണകൂടം ചെയ്യുന്നത്. ഡിജിറ്റൽ വ്യക്തിവിവര സംരക്ഷണ നിയമം (DPDP Act) പോലെയുള്ള പുതിയ നിയമങ്ങളിലൂടെ അന്വേഷണാത്മക മാധ്യമപ്രവർത്തനത്തെയും സർക്കാരിനെ വിമർശിക്കുന്ന ഡിജിറ്റൽ ശബ്ദങ്ങളെയും പൂർണ്ണമായും ഇല്ലാതാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

## ആയുധമാക്കുന്ന നിയമവ്യവസ്ഥ, മാധ്യമപ്രവർത്തകരുടെ അരക്ഷിതാവസ്ഥ

മാധ്യമപ്രവർത്തകരെ നിശബ്ദരാക്കാൻ നിയമവ്യവസ്ഥയെ ഭരണകൂടവും കോർപ്പറേറ്റുകളും വ്യാപകമായി ദുരുപയോഗം ചെയ്യുകയാണ്. ഒരു വാർത്തയോ ലേഖനമോ പുറത്തുവരും മുൻപേ കോടതികളിൽ നിന്ന് സ്റ്റേ വാങ്ങുന്ന പ്രവണത നമുക്ക് കാണാം. വെൻഡി ഡോണിഗറുടെ ഹിന്ദുക്കളെക്കുറിച്ചുള്ള പുസ്തകവും പ്രിയങ്ക പാഠക് നരെയ്ൻ എഴുതിയ ബാബാ രാംദേവിനെക്കുറിച്ചുള്ള പുസ്തകവും ഭരണകൂട നടപടി ഭയന്ന് ഇത്തരത്തിൽ പിൻവലിക്കപ്പെട്ടവയാണ്.

വാർത്ത പുറത്തുവന്നാൽ സ്ലാപ്പ് (SLAPP - Strategic Lawsuits Against Public Participation) പോലെയുള്ള തന്ത്രങ്ങളിലൂടെ കോടികളുടെ മാനനഷ്ടക്കേസുകൾ ഫയൽ ചെയ്യുന്നു. ഗൗതം അദാനിയുടെ അഭിഭാഷകർ എനിക്കെതിരെ മാത്രം ഏഴ് മാനനഷ്ടക്കേസുകളാണ് നടത്തുന്നത്. ഇത് മറ്റുള്ളവരിൽ വലിയൊരു ഭീതി സൃഷ്ടിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഉമർ ഖാലിദ്, ഷർജീൽ ഇമാം എന്നിവരെ വിചാരണ പോലുമില്ലാതെ വർഷങ്ങളായി ജയിലിലടച്ചിരിക്കുന്നതും പെഗാസസ് ഉപയോഗിച്ച് മാധ്യമപ്രവർത്തകരെ നിരീക്ഷിക്കുന്നതും ഇതിന്റെ ഭാഗമാണ്. ഇതിൽ ഏറ്റവും കൂടുതൽ വേട്ടയാടപ്പെടുന്നത് നഗരങ്ങൾക്ക് പുറത്ത് ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രാദേശിക മാധ്യമപ്രവർത്തകരാണ്. അവരിൽ ചിലർ കൊല്ലപ്പെടുകയുമുണ്ടായി. റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് (RSF) പോലുള്ള അന്താരാഷ്ട്ര ഏജൻസികളുടെ മാധ്യമസ്വാതന്ത്ര്യ സൂചികകളിൽ ഇന്ത്യയുടെ സ്ഥാനം കുത്തനെ ഇടിഞ്ഞിട്ടും അത് അംഗീകരിച്ച് തിരുത്തുന്നതിന് പകരം ആ റിപ്പോർട്ടുകളുടെ പഠനരീതികളെ തള്ളിക്കളയാനാണ് സർക്കാർ ശ്രമിക്കുന്നത്.

## ഭയമില്ലാത്ത ഡിജിറ്റൽ ജനതയുടെ പ്രതിരോധങ്ങൾ

സ്വേച്ഛാധിപത്യ പ്രവണതകൾക്കെതിരെ അടുത്തിടെ നടന്ന യുവജന-വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ വലിയ പ്രതീക്ഷ നൽകുന്നതാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് പാറ്റകളോട് ഉപമിച്ചപ്പോൾ ഒറ്റദിവസം കൊണ്ട് 'കോക്രോച്ച് ജനതാ പാർട്ടി' എന്നൊരു ആക്ഷേപഹാസ്യ പേജ് സോഷ്യൽ മീഡിയയിൽ രൂപപ്പെടുകയും ബി.ജെ.പിയുടെയും കോൺഗ്രസിന്റെയും ഫോളോവേഴ്സിനെ മറികടന്ന് രണ്ട് കോടിയിലധികം പിന്തുണക്കാരെ നേടുകയും ചെയ്തു. ഈ പുതിയ ഡിജിറ്റൽ തലമുറയ്ക്ക് യാതൊരു ഭയവുമില്ല. പ്രധാനമന്ത്രി നരേന്ദ്ര മോദിയെയോ അമിത് ഷായെയോ ധർമ്മേന്ദ്ര പ്രധാനെയോ അവർ ഭയക്കുന്നില്ല. സ്വന്തം മാതാപിതാക്കളുടെ എതിർപ്പുകളെപ്പോലും വകവെക്കാതെ പോലീസിന്റെ അടിച്ചമർത്തലുകളെ അവർ ധീരമായി നേരിടുന്നു.

സോനം വാങ്ചുക്കും വിദ്യാർഥികളായ നേഹ ബോറ, മനീഷ്, അമീൻ എന്നിവരും 26 ദിവസമാണ് നിരാഹാരം കിടന്നത്. രാഷ്ട്ര പിതാവ് മഹാത്മാഗാന്ധി നടത്തിയിട്ടുള്ള ഏറ്റവും ദൈർഘ്യമേറിയ നിരാഹാരം 21 ദിവസവും അണ്ണാ ഹസാരെയുടേത് 11 ദിവസവുമായിരുന്നു എന്നോർക്കണം. എന്നാൽ ഇതിന് വലിയ വിലയും അവർക്ക് നൽകേണ്ടി വരുന്നുണ്ട്. വലിയ സൈബർ ആക്രമണങ്ങൾക്കാണ് ഇവർ ഇരയാകുന്നത്. നിരന്തരമായ ഭീഷണികളെത്തുടർന്ന് പതിനഞ്ചുകാരിയായ ഒരു പെൺകുട്ടിക്കും അമ്മയ്ക്കും വീടുവിട്ട് പോകേണ്ടി വന്ന സാഹചര്യമുണ്ടായി. തങ്ങളെ അധിക്ഷേപിച്ചവരോട് ക്ഷമിച്ചുവെന്ന് പ്രധാനമന്ത്രി പറയുമ്പോഴും അദ്ദേഹത്തിന്റെ അനുഭാവികൾ അങ്ങേയറ്റം അസഹിഷ്ണുതയോടെയാണ് വിമർശനങ്ങളെ നേരിടുന്നത്.

## ചങ്ങാത്ത മുതലാളിത്തവും അരികുവൽക്കരിക്കപ്പെടുന്ന മനുഷ്യരും

രാജ്യത്ത് സമ്പത്തിന്റെ കേന്ദ്രീകരണം അതിന്റെ ഏറ്റവും ഭീകരമായ അവസ്ഥയിലാണ്. വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞൻ തോമസ് പിക്കറ്റിയുടെ പഠനങ്ങൾ പ്രകാരം ബ്രിട്ടീഷ് ഭരണകാലത്തേക്കാൾ വലിയ സാമ്പത്തിക അസമത്വമാണ് ഇന്ന് ഇന്ത്യയിലുള്ളത്. രാജ്യത്തെ ജനസംഖ്യയുടെ കേവലം 10 ശതമാനം ആളുകൾ മൊത്തം സമ്പത്തിന്റെയും വരുമാനത്തിന്റെയും 40 ശതമാനവും കൈയയാളുന്നു. 80 കോടി ജനങ്ങൾക്ക് 5 കിലോ അരിയോ ഗോതമ്പോ ഒപ്പം രണ്ടര കിലോ കടലയോ സൗജന്യമായി നൽകുന്നു എന്ന് സർക്കാർ അവകാശപ്പെടുമ്പോഴാണ് ഈ അതിസമ്പന്നർ വളരുന്നത്. സമ്പന്നരും ദരിദ്രരും തമ്മിലുള്ള ഈ അന്തരം മുൻപെന്നത്തെക്കാളും വലുതായിരിക്കുന്നു.



കോവിഡ് ലോക്ക്ഡൗൺ കാലത്ത് നഗരങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്കുള്ള പലായനത്തിൽ ഔദ്യോഗിക കണക്കുകളില്ലെങ്കിലും മൂന്നു കോടിയോളം മനുഷ്യർക്കാണ് തൊഴിലും കിടപ്പാടവും നഷ്ടപ്പെട്ട് തെരുവിലിറങ്ങേണ്ടി വന്നത്. നോട്ടുനിരോധനം പോലെ സർക്കാരിന്റെ മനുഷ്യത്വരഹിതമായ തീരുമാനമായിരുന്നു അത്. ഇതുമൂലം 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറുമാസക്കാലം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ യഥാർഥത്തിൽ ചുരുങ്ങുകയാണ് ചെയ്തത്. ഗൾഫിലെ മലയാളികളായാലും ഇന്ത്യയിലുടനീളം സഞ്ചരിക്കുന്ന അതിഥി തൊഴിലാളികളായാലും അവർ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായിരിക്കുമ്പോഴും രാഷ്ട്രീയമായി പൂർണമായും അരികുവൽക്കരിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ മുഖ്യധാരാ മാധ്യമങ്ങൾ ഇതൊന്നും ചർച്ച ചെയ്യാതെ ഭരണകൂടത്തിന്റെയും മുതലാളിമാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള സജീവമായ ഒരു സാമ്പത്തിക യന്ത്രമായി പ്രവർത്തിക്കുകയാണ്. രാജ്യം വികസിച്ച് 'വിശ്വഗുരു' ആകുന്നുവെന്ന വ്യാജകഥകളും ഇസ്ലാമോഫോബിയ അടക്കമുള്ള വിദ്വേഷ പ്രചാരണങ്ങളും പടച്ചുവിടുന്നത് ഇവരാണ്. ഭൂമി കൈയേറ്റം, തൊഴിലാളി ചൂഷണം, കുടിയൊഴിപ്പിക്കൽ തുടങ്ങിയ യഥാർഥ പ്രശ്നങ്ങൾ ഇവിടെ മറച്ചുവെക്കപ്പെടുന്നു. ഇത്തരം വ്യാജനിർമിതികളെ പൊളിച്ചുകാട്ടാനും അരികുവൽക്കരിക്കപ്പെട്ട മനുഷ്യരുടെ ശബ്ദമാകാനും ഇത്തരം ബദൽ മാധ്യമങ്ങൾക്ക് മാത്രമേ കഴിയുകയുള്ളൂ.